## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 78** **26.02.2018-ൽ മറുപടിക്ക്**

### അക്ഷയ കേന്ദ്രങ്ങൾ

ചോദ്യം

ശ്രീ. മോൻസ് ജോസഫ്
ശ്രീ. പി.ജെ. ജോസഫ്
ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പുതിയ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; 2018-19 സാമ്പത്തിക വർഷം എത്ര അക്ഷയ കേന്ദ്രങ്ങൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാസാക്കുന്ന പ്രമേയത്തിന്റെയും ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശുപാർശയുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ കുറഞ്ഞത് രണ്ട് കിലോമീറ്റർ ദൂരപരിധി ഉണ്ടായിരിക്കണമെന്ന നിബന്ധനയിൽ ഒരു ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 4 ഉം മുൻസിപ്പാലിറ്റിയുടെ പരിധിയിൽ 6-ഉം അക്ഷയ കേന്ദ്രങ്ങളാണ് അനുവദിച്ചുവരുന്നത്. എന്നാൽ കോർപ്പറേഷൻ പരിധിയിലെ അക്ഷയ കേന്ദ്രങ്ങളുടെ എണ്ണം ജനസാന്ദ്രതയുടെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ ആവശ്യം പരിഗണിച്ചാണ് നിശ്ചയിക്കുന്നത്. ഒരു ലൊക്കേഷനിൽ അക്ഷയ കേന്ദ്രം അനുവദിച്ചുകഴിഞ്ഞാൽ പ്രസ്തുത അക്ഷയ കേന്ദ്രത്തിന്റെ നടത്തിപ്പിനായി സംരംഭകനെ തിരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ച് |

| | | | |
|---|---|---|---|
| | | | ഓൺലൈൻ പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അർഹനായ സംരംഭകനെ തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. 2018-19 സാമ്പത്തിക വർഷം എത്ര അക്ഷയ കേന്ദ്രങ്ങൾ തുടങ്ങാൻ കഴിയുമെന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യകത മുൻനിർത്തിയായിരിക്കും സർക്കാർ തീരുമാനിക്കുക. |
| (ബി) | അക്ഷയ കേന്ദ്രങ്ങളുടെ മറവിൽ വ്യാജ അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവയ്ക്കെതിരെ നടപടി സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സർക്കാർ അംഗീകൃത ഏജൻസി അക്ഷയ കേന്ദ്രങ്ങൾ മാത്രമാണെന്നത് സംബന്ധിച്ചും അനധികൃത ഓൺലൈൻ സ്ഥാപനങ്ങളെ സംബന്ധിച്ചുമുള്ള ബോധവൽക്കരണം പത്ര മാധ്യമങ്ങൾ വഴി നൽകുന്നുണ്ട്. വ്യാജ അക്ഷയ കേന്ദ്രങ്ങളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പൊതു ലോഗിനിലൂടെയുള്ള ഇ-ഡിസ്ട്രിക്ട് സർട്ടിഫിക്കറ്റുകളുടെ എണ്ണം കുറയ്ക്കുന്നതിനും സംസ്ഥാന സർവ്വീസ് പോർട്ടലിൽ അക്ഷയയ്ക്ക് ലോഗിൻ നൽകാനും തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ ഇന്ത്യ പദ്ധതിയുടെ ഭാഗമായാണ് കോമൺ സർവ്വീസ് സെന്ററുകൾക്ക് (സി.എസ്.സി.) കേന്ദ്ര സർക്കാർ പ്രവർത്തനാനുമതി നൽകുന്നത്. സംസ്ഥാന ഐ.ടി മിഷനെ അറിയിക്കാതെ സ്വകാര്യ ഓൺലൈൻ സേവന കേന്ദ്രങ്ങൾക്ക് സി.എസ്.സി ഐ.ഡി. നൽകുന്നതിനെതിരെയും ദൂരപരിധി പാലിക്കാതെ സി.എസ്.സി കേന്ദ്രങ്ങൾ അക്ഷയ കേന്ദ്രങ്ങൾക്ക് സമീപം ആരംഭിക്കുന്നതിനെതിരെയും നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര ഇലക്ട്രോണിക്സ് & വിവര |

| | | | |
|---|---|---|---|
| | | | സാങ്കേതിക വിദ്യാ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | അക്ഷയ കേന്ദ്രങ്ങളിൽ അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച പരാതികൾ പരിശോധിക്കുമോ; അക്ഷയ കേന്ദ്രങ്ങളിൽ ഫീസ് നിരക്ക് പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | സേവനങ്ങൾക്ക് അമിത ഫീസ് ഈടാക്കുന്നതുൾപ്പെടെ അക്ഷയ കേന്ദ്രങ്ങൾക്കെതിരെ ലഭിക്കുന്ന ഗുരുതരമായ പരാതികൾ അന്വേഷിക്കുന്നതിന് ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. അക്ഷയ മുഖേന ലഭ്യമാക്കുന്ന സേവനങ്ങളുടെ ഫീസ് നിരക്ക് എല്ലാ അക്ഷയ കേന്ദ്രങ്ങളിലും പ്രദർശിപ്പിക്കണമെന്ന കാലാകാലങ്ങളായുള്ള നിർദ്ദേശം പാലിക്കപ്പെടുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അക്ഷയ കേന്ദ്രങ്ങളിലെ ഫീസ് നിരക്ക് പ്രദർശിപ്പിക്കുന്നതിന് ഏകീകൃത സ്വഭാവത്തിലുള്ള ബോർഡ് എല്ലാ കേന്ദ്രങ്ങളിലും സർക്കാരിന്റെ മേൽനോട്ടത്തിൽ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശവും പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ